## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5000      4/7/2012 ൽ മറുപടിക്ക്

### സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. സി.പി. മുഹമ്മദ്: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
| --- | --- |
| സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; | അതീവ ഗുരുതരമായ കേസുകൾ സമഗ്രവും ശാസ് ത്രീയവുമായ രീതിയിൽ ത്വരിതഗതിയിൽ അന്വേഷണം പൂർത്തിയാക്കി സമയബന്ധിതമായി കുറ്റപത്രം/ അന്വേഷണ റിപ്പോർട്ട് കോടതി മുൻപാകെ സമർപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബിളിഷ്മെന്റ് ആക്റ്റ്, 1946 മാതൃകയിൽ സംസ്ഥാനത്തെ പോലീസ് സേനയിൽ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ആലോചന നടത്തുവാനും അനുയോജ്യ നടപടികൾ സ്വീകരിക്കുവാനും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16.2.2011 ൽ പുറപ്പെടുവിച്ച WP(C) No. 685/2011 ന്റെ വിധി ന്യായത്തിൽ നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ മാതൃക |

| | |
|---|---|
| | യിൽ എസ്.ബി.ഐ (സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ) എന്ന പേരിൽ ഒരു വിദഗ്ദ്ധ അന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുമ്പോൾ മാത്രമേ സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ പ്രവർത്തന രീതിയും മറ്റും വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ